# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

## സോഷ്യൽ ഓഡിറ്റിംഗ് സൊസൈറ്റി,

## കേരളം

## കോട്ടയം ജില്ല

## സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

**01/10/2018-31/03/2019**

**ബ്ലോക്ക്: പാമ്പാടി**

**ഗ്രാമപഞ്ചായത്ത്: മീനടം**

**വാർഡ്: 8 പൊത്തൻ പുറം**

# ഉള്ളടക്കം

1. **ആമുഖം**

2. **സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയ പ്രവർത്തികൾ**

**3. 7 രജിസ്റ്ററുകൾ**

**4. ഫയൽ പരിശോധനയിലെ കണ്ടെത്തലുകൾ**

**5.ഫീൽഡ് പരിശോധനയിലെ കണ്ടെത്തലുകൾ**

**6.അവകാശ നിഷേധങ്ങൾ**

# ആമുഖം

ഗ്രാമീണ ജനതയുടെ ഉന്നമനത്തിനായി സ്വതന്ത്രഭാരതത്തിൽ ആവിഷ്കരിച്ച ഏറ്റവും സുപ്രധാനവും ശക്തവുമായ ആയ നിയമമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം. ഇന്ത്യയിലെ സാധാരണക്കാരായ ജനങ്ങളുടെ തൊഴിൽ ചെയ്യുവാനുള്ള അവകാശത്തെ സംരക്ഷിച്ചു നിലനിർത്തുന്നതിനായി ഇന്ത്യൻ പാർലമെൻറ് അംഗീകരിച്ച പ്രസിഡൻറ് ഒപ്പുവച്ച് 2005 സെപ്റ്റംബർ മാസം അഞ്ചാം തീയതി മുതൽ ഈ നിയമം നിലവിൽ വന്നു. പാർലമെൻറ് പാസാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിൻറെ പ്രാഥമിക ലക്ഷ്യം ഒരു ഗ്രാമീണ കുടുംബത്തിന് നിയമം വഴി ഒരു സാമ്പത്തിക വർഷം 100 തൊഴിൽ ദിനങ്ങൾ ഉറപ്പുവരുത്തുക എന്നതാണ്. ഗ്രാമീണ ജനതയുടെ ഉന്നമനത്തിനും മെച്ചപ്പെട്ട ജീവിത സാഹചര്യം ഉറപ്പാക്കുന്നതിന് അതിലൂടെ ദാരിദ്രം നിർമാർജനവും സുസ്ഥിര വികസനവും ആണ് ഈ നിയമം.

ഒരു ഗവൺമെൻറ് പദ്ധതിയുടെ നടത്തിപ്പിലൂടെ ഉണ്ടായ സാമൂഹ്യ നേട്ടവും പ്രശസ്തിയും എത്രമാത്രമാണെന്ന് പൊതുസമൂഹം നേരിട്ട് നടത്തുന്ന അന്വേഷണവും കണക്കെടുപ്പും പരിശോധനയും വിലയിരുത്തലും ആണ് സോഷ്യൽ ഓഡിറ്റ്. പൊതു സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും പൊതു പദ്ധതികളുടെ നടത്തിപ്പും ജനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്ന വിധത്തിൽ നടപ്പാക്കുന്നതിനും പൊതുഭരണം ജന സൗഹാർദ്ദപരമായി ആകുന്നതിനു വേണ്ടിയുള്ള ജാഗ്രതയാണ് സോഷ്യൽ ഓഡിറ്റ് മറ്റു പദ്ധതികളിൽ നിന്നും തൊഴിലുറപ്പ് പദ്ധതിയെ വ്യത്യസ്തമാക്കുന്നത് സോഷ്യൽ ഓഡിറ്റ് ആണ്. തൊഴിലുറപ്പ് നിയമത്തിൻറെ 17(2) വകുപ്പിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഏറ്റെടുത്ത എല്ലാ പ്രവർത്തികളും ആറുമാസത്തിലൊരിക്കൽ ഓഡിറ്റിങ്ങിന് വിധേയമാക്കേണ്ടതാണ് കേരളത്തിൽ സ്വതന്ത്ര ചുമതലയുള്ള സോഷ്യൽ ഓഡിറ്റ് 31.01. 2017 നിലവിൽ വന്നു

പദ്ധതിയുടെ സവിശേഷതകൾ :  അക്കൗണ്ടുകളുടെ സൂക്ഷിപ്പ്, മാസ്റ്റർ റോളിന്റയും സാധനങ്ങളുടെയും സൂക്ഷിപ്പ്, വിദഗ്ദ /അവിദഗ്ദ തൊഴിലാളികളുടെ വേതന വിവരങ്ങൾ. പ്രവർത്തിയുടെ അളവ് തിട്ടപ്പെടുത്തുന്നതിന്റ ഘടന, പണം നൽകൽ തുടങ്ങിയ കാര്യങ്ങളിൽ സുതാര്യതയും ഉറപ്പും വരുത്തുന്നു. സ്ത്രീ -പുരുഷന്മാർക്കു തുല്യവേതനം

ഉറപ്പുനൽകുന്നതും. നിരന്തരം പൊതുജന ജാഗ്രതകായ് സാമൂഹിക ഓഡിറ്റ് നടത്തുക എന്നതും ഈ നിയമത്തിന്റയും, പദ്ധതിയുടെയും പ്രധാന സവിശേഷതയുമാണ്.

**മീനടം പഞ്ചായത്ത് വാർഡ് എട്ടിൽ 01/ 10 / 2018 മുതൽ 31/0 3/ 2019 വരെ പൂർത്തീകരിച്ച പ്രവർത്തികളാണ് സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയമാക്കിയിട്ടുള്ളത്.**

| സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയമാക്കിയ പ്രവർത്തികൾ | | | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് കോഡ് | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | എസ്റ്റിമേറ്റ് തുക | ചെലവായ തുക |
| 1 | നെടുംപൊയ്ക നിർത്തടം തരിശുഭൂമി കൃഷിയോഗ്യമാക്കൽ LD/233533 | 21-06-2018 | 07-11-2018 | 341580 | 173623 |
| 2 | നെടുംപൊയ്ക നിർത്തടം മഴക്കുഴി നിർമ്മാണം, WC/328215 | 10-12-2018 | ഓൺ ഗോയിങ് | 442615 | 338800 (21 ഘട്ടങ്ങളിലായി ചെലവഴിച്ച ആകെ തുക ) |
| 3 | നെടുംപൊയ്ക നിർത്തടം ഫാം പോണ്ട് നിർമ്മാണം WC/311778 | 18-10-2018 | 31-10-2018 | 376600 | 169375 |
| 4 | നെടുംപൊയ്ക നിർത്തടം ഫല വൃക്ഷ തൈ നട്ടുപിടിപ്പിക്കൽ DP/170654 | 14-11-18 | ഓൺ ഗോയിങ് | 465181 | 194750(രണ്ട് ഘട്ടങ്ങൾ ആയി ചെലവഴിച്ച തുക ) |
| | | | | | |

7 രജിസ്റ്ററുകൾ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005 പ്രകാരം പഞ്ചായത്തുകളിൽ നിർബന്ധമായും 7 രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

1. തൊഴിൽ കാർഡിനുള്ള ഉള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റർ

2. ടെൻഡർ കോൺട്രാക്റ്റ് രജിസ്റ്റർ.

3. തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച് രജിസ്റ്റർ( വർക്ക് രജിസ്റ്റർ)

4. പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച് രജിസ്റ്റർ. (മെറ്റീരിയൽ രജിസ്റ്റർ)

5. സ്ഥിരആസ്തികളുടെ രജിസ്റ്റർ

6. പരാതി രജിസ്റ്റർ

7. ഗ്രാമസഭ രജിസ്റ്റർ

പഞ്ചായത്തുകളിലെ 7 രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ കാര്യങ്ങൾ.

1. തൊഴിൽ കാർഡിനുള്ള  കുടുംബ അപേക്ഷയുടെ രജിസ്റ്റർ.

* സെക്രട്ടറി സർട്ടിഫൈ ചെയ്ത കവർപേജ് അല്ലായിരുന്നു
*തൊഴിൽ കാർഡിനെ പറ്റിയുള്ള വിവരങ്ങൾ ശരിയായ രീതിയിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്

2.ടെൻഡർ കോൺട്രാക്റ്റ് രജിസ്റ്റർ

*സെക്രട്ടറി സർട്ടിഫൈ ചെയ്ത കവർപേജ് അല്ലായിരുന്നു
*ടെൻഡർ കോൺട്രാക്റ്റ് വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്

3. വർക്ക് രജിസ്റ്റർ

*വിശദമായ വർക്ക് രജിസ്റ്റർ കണ്ടു

* പേജ് കവർ പേജ് ഉണ്ട് ,എന്നാൽ മേലധികാരിയുടെ സാക്ഷ്യപ്പെടുത്തൽ ഇല്ല .

4.മെറ്റീരിയൽ രജിസ്റ്റർ

*വിവരങ്ങളെല്ലാം  കൃത്യമായി പ്രിൻറ് എടുത്തുസൂക്ഷിച്ചിട്ടുണ്ട്.

* പഞ്ചായത്ത്  സെക്രട്ടറിയുടെ  സാക്ഷ്യപ്പെടുത്തലുകൾ ഇല്ല.

5.സ്ഥിര ആസ്തികളുടെ  രജിസ്റ്റർ

* മേലധികാരിയുടെ സാക്ഷ്യപ്പെടുത്തലുകൾ കണ്ടു

*വാർഡുകളിലെ സൈറ്റുകളും  ചെയ്തിരിക്കുന്ന വർക്കുകളും രേഖപ്പെടുത്തിയിട്ടുണ്ട്.

6. പരാതി രജിസ്റ്റർ

*പരാതികളൊന്നും ഒന്നും തന്നെ  രജിസ്റ്റർ ചെയ്തിട്ടില്ല.

7.ഗ്രാമസഭാ രജിസ്റ്റർ

* ഗ്രാമസഭ  രജിസ്റ്ററിൽ കൃത്യമായി വിവരങ്ങൾ

രേഖപ്പെടുത്തിയിരുന്നു . ഗ്രാമസഭയിൽ  പങ്കെടുത്ത തൊഴിലാളികളുടെ  വിവരങ്ങൾ രേഖപ്പെടുത്തിയിരുന്നു.

ഫയൽ പരിശോധനയിലെ കണ്ടെത്തലുകൾ

1. കവർപേജ്

എ എം സി കവർപേജ്

പരിശോധിച്ച ഫയലുകളിൽ നിന്നും കാണാൻ സാധിച്ചില്ല.

2. ചെക്ക് ലിസ്റ്റ്

ഒരു ഒരു പ്രവർത്തി ഫയലിൽ ക്രമപ്രകാരം ഏതൊക്കെ  രേഖകൾ എവിടെ ഏത് പേജ് മുതൽ സൂക്ഷിക്കുന്നു എന്ന മനസ്സിലാക്കുവാനുള്ള ഉള്ള ആധികാരിക രേഖയാണ് ചെക്ക്  ലിസ്റ്റ്. പരിശോധിച്ച് ഫയലുകളിൽ ഒന്നിലും ചെക്ക് ലിസ്റ്റ് കാണാൻ സാധിച്ചില്ല.

3. ആക്ഷൻ പ്ലാൻ കോപ്പി

ഈ പ്രവൃത്തി പഞ്ചായത്തിലെ നടപ്പ് വർഷത്തിലെ വാർഷിക കർമ്മ പദ്ധതിയിൽ  ഉൾപ്പെട്ടതാണെന്നു  തെളിയിക്കുവാനുള്ള രേഖ കണ്ടെത്താനായില്ല.

4.എസ്റ്റിമേറ്റ്

സാധാരണ ജനങ്ങൾക്ക് മനസ്സിലാകുന്ന രീതിയിൽ ജനകീയ  ഭാഷയിൽ വേണം എസ്റ്റിമേറ്റ് തയ്യാറാക്കാൻ. എന്നാൽ പരിശോധിച്ച ഒരു ഫയലിൽ പോലും  ജനകീയ എസ്റ്റിമേറ്റ് കാണാൻ സാധിച്ചില്ല.

5. സാങ്കേതിക അനുമതി പത്രം

ലഭിച്ച 4 ഫയലുകളിലും സാങ്കേതിക വിദഗ്ധരുടെ അനുമതി രേഖപ്പെടുത്തിയ പത്രം കണ്ടെത്താനായില്ല.

6 ഭരണാനുമതി

ഭരണാനുമതി മിക്ക ഫയലുകളിൽ നിന്നും കണ്ടെത്താനായില്ല.

7. എം ബുക്ക്

പരിശോധിച്ച ഫയലുകളിൽ നിന്നും എം ബുക്ക്  കാണുവാൻ സാധിച്ചു. എന്നാൽ എം ബുക്കിൽ എസ്റ്റിമേറ്റ് തുകയും യഥാർത്ഥ ചിലവും തമ്മിലെ വ്യത്യാസം രേഖപ്പെടുത്തിയിട്ടില്ല.മിക്ക എം ബുക്കിലെ സർട്ടിഫിക്കറ്റ് എഴുതി ചേർത്തതായിരുന്നു.

8.സംയോജിത പദ്ധതിയുടെ വിവരങ്ങൾ ഒന്നും തന്നെ ഫയലിൽ നിന്നും ലഭിച്ചില്ല.

9.ഡിമാൻഡ് ഫോം

അനുച്ഛേദം 3B പ്രകാരമുള്ള ഡിമാൻഡ് ഫോം ഒരു ഫയലിലും ഉണ്ടായിരുന്നില്ല. ഗ്രൂപ്പായി തൊഴിൽ ആവിശ്യപെടുന്ന തീയതി രേഖപെടുത്തുകയോ, കൈപ്പറ്റ് രസീത് സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

10.വർക്ക് അലോക്കേഷൻ ഫോം

അനുച്ഛേദം 4 പ്രകാരമുള്ള വർക്ക് അലോക്കേഷൻ ഫോം ഫയലുകളിലൊന്നും  കാണാൻ സാധിച്ചില്ല.

11.മാസ്റ്റർ റോൾ

പ്രവർത്തികളുടെ  മൊത്തം മാസ്റ്റർ റോൾ വിവരങ്ങൾ

1.നെടുംപൊയ്ക നിർത്തടം തരിശുഭൂമി കൃഷിയോഗ്യമാക്കൽ (LD/233533)

മൊത്തം 35മാസ്റ്റർ  റോൾ ഇതിൽ 4 സീറോ മാസ്റ്റർ റോളുകൾ ഉൾപ്പെടുന്നു

2.നെടുംപൊയ്ക നിർത്തടം മഴക്കുഴി നിർമ്മാണം (WC/328215)

ഇതിൽ മൊത്തം 77 മാസ്റ്റർ റോളുകൾ ഉണ്ട്.ഈ  മാസ്റ്റർ റോളുകളിൽ  69 എണ്ണം ഈ മാസ്റ്റർ റോളുകൾ ആണ്. 3 മാസ്റ്റർ  റോളുകൾ ഈ സീറോ മാസ്റ്റർ  റോളുകൾ ആണ്.

3.നെടുംപൊയ്ക നിർത്തടം ഫാം പോണ്ട് നിർമ്മാണം (WC/311778)

ഈ പദ്ധതിയുടെ ഫയലിൽ മൊത്തം 28മാസ്റ്റർ റോളുകളും അതിൽ രണ്ടെണ്ണം സീറോ  ഈ  മാസ്റ്റർ  റോളുകളുമായിരുന്നു.

4.നെടുംപൊയ്ക  നീർത്തടം ഫലവൃക്ഷ തൈ നട്ടുപിടിപ്പിക്കൽ (DP/170654)

ഈ തുടർ പ്രവർത്തിയുടെ ഫയലിൽ മൊത്തം 21മാസ്റ്റർ  റോളുകൾ ഉണ്ടായിരുന്നു.

12.ഇ മാസ്റ്റർ റോൾ

ബി ഡി ഒ, പഞ്ചായത്ത് സെക്രട്ടറി എന്നിവരുടെ ഒപ്പും സീലും മാസ്റ്റർ റോളിൽ ഉണ്ടായിരുന്നു. എന്നാൽ എം ബുക്ക് നമ്പർ, പേജ് നമ്പർ എന്നിവ ഉണ്ടായിരുന്നില്ല.

13.വെജ് ലിസ്റ്റ്

പരിശോധിച്ച മിക്ക ഫയലുകളിലും വെജ് ലിസ്റ്റ് കാണുവാൻ സാധിച്ചില്ല.

14.ഫ്  ടി ഒ

പൂർത്തീകരിച്ച ഫയലുകൾ ഒഴികെ മറ്റ് ഓൺ ഗോയിങ് ഫയലുകളിൽ ഫ് ടി ഒ പൂർണ്ണമായും  വെച്ചിരുന്നില്ല.

15..മെറ്റീരിയൽ വൗച്ചർ &ബിൽ

പരിശോധിച്ച ഫയലുകളിലൊന്നും തന്നെ മെറ്റീരിയൽ വൗച്ചർ ബിൽ ഇല്ലായിരുന്നു.

16. പ്രവർത്തിയുടെ മുന്ന് ഘട്ടങ്ങളിലെ ഫോട്ടോ ഫയലുകളിലൊന്നും തന്നെ കാണാൻ സാധിച്ചില്ല.

17.മാസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ് ഫയലുകളിൽ കാണാൻ സാധിച്ചില്ല.

18. പ്രവർത്തി പൂർത്തീകരിച്ചതിൻറെ സാക്ഷ്യപത്രംഒരു ഫയലിൽ പോലും കാണാൻ സാധിച്ചില്ല.

ഫീൽഡ് പരിശോധനയിലെ കണ്ടെത്തലുകൾ

1. നെടുംപൊയ്ക നീർത്തടം തരിശുഭൂമി കൃഷിയോഗ്യമാക്കാൽ(LD/233533)

നെടുംപൊയ്ക നീർത്തടം തരിശുഭൂമി കൃഷിയോഗ്യമാക്കൽ എന്ന ഈ പദ്ധതി പ്രകാരം ആകെ തൊഴിൽ ദിനം 1234 ഉം ആകെ ചിലവായ തുക 334414 ഉം ആണ്. ഈ പദ്ധതിയിൽ ആകെ 13 ഉപഭോഗ്താക്കൾ ഉണ്ടായിരുന്ന്. ഉൾപ്പെട്ട സ്ഥലങ്ങൾ സന്ദർശിച്ചപ്പോൾ 8സ്ഥലങ്ങളിൽ നല്ലരീതിയിൽ കൃഷി ചെയ്യുന്നതായി കാണപ്പെട്ടു. കൂടുതലായും വാഴ, കപ്പ, ചേന എന്നിവയാണ് കൃഷിചെയ്തുവരുന്നത്. എന്നാൽ 3 സ്ഥലങ്ങൾ വിളവെടുപ്പിനു ശേഷം കാടുകയറിയ നിലയിലായിരുന്നു. 2 സ്ഥലങ്ങൾ ഭാഗികമായി നശിച്ചിരുന്നു.

എം ബുക്ക് പ്രകാരം ഫീൽഡ് തല പരിശോധനയിൽ CIB ബോർഡ് കാണാൻ കഴിഞ്ഞു.

2. നെടുംപൊയ്ക നീർത്തടം മഴക്കുഴി നിർമ്മാണം(WC/328215)

നെടുംപൊയ്ക നിർത്തടം മഴക്കുഴി നിർമ്മാണം എന്ന പദ്ധതിയിൽ ആകെ തൊഴിൽ ദിനങ്ങൾ 1593 ഉണ്ട്. തുടർപ്രവർത്തി ആയതിനാൽ

മൊത്തം 21 ഘട്ടങ്ങളിലായി ആകെ 338800 രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെട്ട സ്ഥലങ്ങൾ സന്ദർശിച്ചപ്പോൾ നല്ലരീതിയിൽ തന്നെ മഴക്കുഴികൾ നിർമ്മിച്ചതായി കാണപ്പെട്ടു. എല്ലാ മഴക്കുഴികൾക്കും വേണ്ടത്ര അളവിൽ നീളവും, വീതിയും, ആഴവും ഉണ്ടായിരുന്നു. എന്നാൽ ഫയൽ നിന്നും ലഭിച്ച പേരനുസരിച്ചു ശാന്തമ്മ ഏലിയാസ് എന്ന വ്യക്തിയുടെ പുരയിടത്തിൽ തൊഴിൽ ചെയ്തിരിക്കുന്നത് വാർഡ് 9 ലെ തൊഴിലാളികലാണെന്ന് മേറ്റ് അറിയിച്ചു.

3.നെടുംപൊയ്ക നിർത്തടം ഫാം പോണ്ട് നിർമ്മാണം (WC/311778)

ഈ പദ്ധതിയിൽ മൊത്തം 1356 തൊഴിൽ ദിനങ്ങളുംആകെ ചിലവഴിച്ച തുക 169375 ഉം ആയിരുന്നു. ഈ പദ്ധതിയിൽ ആകെ 8 ഉപഭോഗ്താക്കൾ ഉണ്ടായിരുന്നു. ആകെ 15 പൊണ്ടുകളാണ് ഉള്ളത് . ഇതിൽ 3എണ്ണം മീൻ കുളങ്ങൾ ആയിരുന്നു. ഇവ എല്ലാം തന്നെ നല്ലരീതിയിൽ ഉപയോഗപെടുത്തിയതായി കണ്ടു. ബാക്കി 12എണ്ണം വേസ്റ്റ് കുഴികളായിരുന്നു ഇതിൽ 9എണ്ണം നിലവിൽ ഉപയോഗിക്കുന്നതും ബാക്കി 3 എണ്ണം ഉപയോഗ്യശൂന്യമായും കാണപ്പെട്ടു.

4.നെടുംപൊയ്ക നിർത്തടം ഫലവൃക്ഷ തൈ നട്ടുപിടിപ്പിക്കൽ (DP/170654)

ഈ തുടർപ്രവർത്തിയിൽ മൊത്തം 1670 തൊഴിൽ ദിനങ്ങൾ ഉണ്ടായിരുന്നു. ഇതിൽ ആകെ 194750 രൂപ ചെലവഴിച്ചിരുന്നു. രണ്ട് ഘട്ടങ്ങളിലായി നടന്ന ഈ പ്രവർത്തിയിൽ വൃക്ഷങ്ങൾ പലതും നശിച്ചനിലയിലും, കാടുകയറിയ നിലയിലുമാണ് കാണപ്പെട്ടത്.

അവകാശനിഷേധങ്ങൾ

- തൊഴിൽ വേതനം 15 ദിവസത്തിനുള്ളിൽ ലഭ്യമാകുന്നില്ല.
- വ്യത്തി ഹീനമായ സ്ഥലങ്ങളിൽ തൊഴിൽ ചെയുമ്പോൾ അടിസ്ഥാനപരമായി കിട്ടേണ്ട കൈയുറ, മാസ്ക് എന്നിവ ലഭിക്കുന്നില്ല.

നിരീക്ഷണങ്ങളും കണ്ടെത്തലുകളും

പ്രവർത്തി സ്ഥലങ്ങളിൽ CIB ബോർഡ് സ്ഥാപിക്കാൻ കാലതാമസം വരുന്നതായി കണ്ടെത്തി. മഴക്കുഴികളുടെ നീളവും, വീതിയും, ആഴവും എല്ലാംതന്നെ കൃത്യത ഉള്ളതായിരുന്നു. തുടർ പ്രവർത്തനങ്ങളിൽ എല്ലാം തന്നെ ഇതിനു കൃത്യത ഉണ്ടായിരുന്നു. ഫാം പോണ്ട് നിർമ്മാണം എന്ന പദ്ധതിപ്രകാരം നിർമ്മിച്ച കുളങ്ങൾ എല്ലാം തന്നെ നല്ലരീതിയിൽ നിലനില്കുന്നതായി കണ്ടെത്തി.ഇത് നിർമ്മിച്ച തൊഴിലാളികൾ പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. പുരുഷന്മാർക്ക് തുല്യമായ പ്രവർത്തനം അവർ നടത്തിട്ടുണ്ട്.

കണ്ടെത്തൽ

- ധാരാളം കൃഷിയിടങ്ങൾ ഉള്ള പ്രദേശങ്ങൾ ആയതിനാൽ നിലവിലുള്ള തൊഴിലുറപ്പ് പ്രവർത്തികളിൽ നിന്നും വ്യത്യസ്തമായ ജോലികൾ നൽകുന്നത് ഏറെ ഗുണകരമാകും. ഉദാഹരണത്തിന് പ്രവർത്തികൾ എസ്റ്റിമേറ്റിൽ പറഞ്ഞതനുസരിച്ചു തീർന്നാൽ തോടുകളുടെ നവീകരണം, കായലനിർമ്മാണം, കിണർ നിർമ്മാണം എന്നി പ്രവർത്തനങ്ങൾക്കും കൂടി മുൻതൂക്കം നൽകിയാൽ നിലവിലുള്ള പുരോഗതിയേകാളും മെച്ചപ്പെട്ട വികസനം കൈവരിക്കാൻകഴിയും. അതിലുടെ തൊഴിലാളികൾ അഭിമുഖീകരിക്കുന്ന തൊഴിലില്ലായിമ്മ പ്രശ്നങ്ങൾ ഒരു പരിധി വരെ കുറക്കാനാകും.

നിർദ്ദേശങ്ങൾ

തൊഴിലാളികളുടെ നിർദേശങ്ങൾ

1.തുടർച്ചയായി മഴക്കുഴികൾ കുത്തുന്നത് ഭൂവുടമകൾക്കു ആവിശ്യമില്ല.

2.പാവങ്ങളുടെ കായലകൾ നിർമ്മിച്ചു നൽകണം.

3.കൃഷികൾ വളരെ കുറവായതിനാൽ തരിശുഭൂമി കൃഷിയോഗ്യമാകുന്ന പ്രവർത്തനങ്ങൾക്കാണ് ഭൂവുടമകൾക്കു കൂടുതൽ താത്പര്യം.

4.നിലവിലുള്ള പണികളിൽ നിന്നും വ്യത്യസ്തമായ പണികൾ നൽകിയാൽ മാത്രമേ നാടിന് ഗുണകരമാകു.

നിരീക്ഷണം

നെടുംപൊയ്ക നിർത്തടം മഴക്കുഴി നിർമ്മാണം എന്ന പദ്ധതി 21 ഘട്ടം വരെ പൂർത്തിയായി എന്നാൽ ഈ പ്രവർത്തിയുടെ ഫ് ടി ഒ കണ്ടെത്തിയത് 16 ഘട്ടം വരെ ഉള്ളതാണ്.